ഉത്തരം

(എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി എറണാകുളത്ത് പ്രത്യേക കോടതി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. തിരുവനന്തപുരത്ത് കോടതി ആരംഭിക്കുന്നതിനുള്ള അനുമതി നൽകിക്കഴിഞ്ഞു. കൂടാതെ കോഴിക്കോട് കോടതി ആരംഭിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) കോടതികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് തിരുവനന്തപുരത്തും കോഴിക്കോടും കോടതികൾ പ്രവർത്തിച്ചു തുടങ്ങും.

മലബാർ ബൊട്ടാണിക്കൽ ഗാർഡൻ

58 (1922) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ മലബാർ ബൊട്ടാണിക്കൽ ഗാർഡൻ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ?

ഉത്തരം

കോഴിക്കോട് ജില്ലയിലെ മലബാർ ബൊട്ടാണിക്കൽ ഗാർഡന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2013 ജൂൺ 7-ാം തീയതി നടന്ന മലബാർ ബൊട്ടാണിക്കൽ ഗാർഡന്റെ 9-ാം എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിൽ മലബാർ ബൊട്ടാണിക്കൽ ഗാർഡനെ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള ഒരു റിസർച്ച് & ഡെവലപ്മെന്റ് സെന്റർ (ഗവേഷണ വികസന സ്ഥാപനം) ആയി പുനരുദ്ധരിക്കാൻ തീരുമാനിക്കുകയുണ്ടായി. ഈ തീരുമാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായിട്ടുള്ള മലബാർ ബൊട്ടാണിക്കൽ ഗാർഡന്റെ 6-ാം ഗവേണിംഗ് ബോഡി മീറ്റിംഗിൽ പരിഗണിക്കുകയും അത് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തു. തുടർ നടപടികൾക്കായി കൗൺസിലിന്റെ 36-ാം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഈ പ്രൊപ്പോസൽ പരിഗണിക്കുകയും മേൽപ്പറഞ്ഞ വിഷയത്തെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു എംപവേർഡ് കമ്മിറ്റിയെ നിയമിക്കുകയും ചെയ്തു. മലബാർ ബൊട്ടാണിക്കൽ ഗാർഡനെ കൗൺസിലിന്റെ കീഴിലുള്ള ഒരു ആർ & ഡി സെന്റർ ആക്കണമെന്ന എംപവേർഡ് കമ്മിറ്റിയുടെ റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 38-ാം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗീകരിച്ചു. എംപവേർഡ് കമ്മിറ്റിയുടെ ഈ റിപ്പോർട്ട് കൗൺസിലിന്റെ പ്രസിഡന്റിന് സമർപ്പിക്കുകയും അത് അംഗീകരിക്കുകയുമുണ്ടായി. 2014 ഒക്ടോബർ 29-ാം തീയതി നടന്ന മലബാർ ബൊട്ടാണിക്കൽ ഗാർഡന്റെ 7-ാം ഗവേണിംഗ് ബോഡി മീറ്റിംഗിൽ മലബാർ ബൊട്ടാണിക്കൽ ഗാർഡൻ സൊസൈറ്റിയെ ലയിപ്പിച്ച് കൗൺസിലിന്റെ കീഴിലുള്ള ഒരു ഗവേഷണ സ്ഥാപനമാക്കാനും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തീരുമാനിച്ചു. ഇതുസംബന്ധിച്ച ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്.

കമ്മ്യൂണിറ്റി അഗ്രോബയോടെക് റിസോഴ്സ് സെന്റർ

59 (1923) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്മ്യൂണിറ്റി അഗ്രോബയോടെക് റിസോഴ്സസ് സെന്റർ (CARC)-മായി ബന്ധപ്പെട്ട് സംസ്ഥാനത്തെ കാർഷിക മേഖലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) കാർഷിക മേഖലയുമായി ബന്ധപ്പെട്ട് CARC-യുടെ പരിധിയിൽ വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പാലോട് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെ.എൻ.റ്റി.ബി.ജി.ആർ.ഐ.) എന്ന സ്ഥാപനം കമ്മ്യൂണിറ്റി അഗ്രോബയോടെക് റിസോഴ്സസ് സെന്ററുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ കാർഷിക മേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് പ്രചാരത്തിലുണ്ടായിരുന്ന വാഴയിനങ്ങളുടെ ഒരു ജനിതകശേഖരം നിർമ്മിക്കുകയും സംരക്ഷിക്കുകയും അന്യംനിന്നുപോയ അനേകം ഇനങ്ങളുടെ കൃഷി വ്യാപിപ്പിക്കുകയും ചെയ്യുന്നു. വാഴനാരുകളിൽ നിന്നും ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വിദഗ്ധ പരിശീലനം നൽകിവരുന്നു. ഔഷധസസ്യങ്ങളുടെ കൃഷിക്കും പരിപാലനത്തിനും വേണ്ട പരിശീലനം നൽകിവരുന്നു. ഔഷധകൃഷിയുടെ നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുകയും അവ നൽകുകയും കൃഷി പ്രോത്സാഹിപ്പിക്കുകയും ഉല്പന്നത്തിന് വിപണി ലഭ്യമാക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly